(ഡി) ദിനംപ്രതി വർദ്ധിക്കുന്ന രോഗികളുള്ള സാഹചര്യത്തിൽ വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ വച്ചുകൊണ്ട് എല്ലാ പോസ്റ്റുകളും പൂർണ്ണമായി നികത്താതെയും നിയമിക്കപ്പെട്ടവരിൽ തന്നെ ഒട്ടേറെപേർ ലീവെടുക്കുന്ന സാഹചര്യത്തിലും മെച്ചപ്പെട്ട ആരോഗ്യ പരിപാലനം എങ്ങനെ സാധ്യമാകുമെന്ന് പറയാമോ; രോഗികളുടെ എണ്ണത്തിനും പുതുതായി ഉണ്ടായി വരുന്ന രോഗങ്ങളുടെ സാഹചര്യത്തിനും അനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-11-2008 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 568/2008 ആ.ക.വ. പ്രകാരമാണ് വിവിധതലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*.

(ബി) 6-11-2008 മുതൽ അതിനുശേഷം പരിഷ്കരിക്കപ്പെട്ടിട്ടില്ല.

(സി) 6-11-2008, ഉണ്ട്, രോഗികളുടെ എണ്ണത്തിൽ ഇരട്ടിയോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ആരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും ആവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത്മിഷൻ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവവഴി ആവശ്യമായ അധിക ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കിടക്കകളുടെ എണ്ണവും ലഭ്യമായ ചികിത്സ സേവന സൗകര്യങ്ങളും അടിസ്ഥാന പെടുത്തിയുള്ളതാണ്. രോഗികളുടെ എണ്ണത്തിനും പുതുതായി വരുന്ന രോഗങ്ങളുടെയും അടിസ്ഥാനത്തിൽ കിടക്കകളുടെ എണ്ണം, ചികിത്സാ സൗകര്യം, അധിക സ്റ്റാഫ് എന്നിവ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിടം

26 (715) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.ആർ.എച്ച്.എം.-ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, ഏതെല്ലാം ആശുപത്രികൾക്ക് അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദമായ പട്ടിക ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എൻ.ആർ.എച്ച്.എം.-ന്റെ നിയന്ത്രണത്തിൽ ആശുപത്രികൾ ഒന്നും പ്രവർത്തിക്കുന്നില്ല. അസറ്റ് മെയിന്റനൻസ് ഫണ്ടായ 10 കോടി രൂപ താഴെ പറയുന്ന ആശുപത്രികൾക്കു വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം എൻ.ആർ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്:

ജനറൽ ആശുപത്രി തിരുവനന്തപുരത്തിന്റെ നവീകരണത്തിനായി	5 കോടി
ജനറൽ ആശുപത്രി, തലശ്ശേരി	2 കോടി
ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം	1 കോടി
ജനറൽ ആശുപത്രി, എറണാകുളം	2 കോടി

വയനാട് - ശിശുക്കളുടെ മരണം

27 (716) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രിയിൽ ചികിത്സ നൽകാതെ ഗർഭിണിയായ പട്ടികഗോത്രവർഗ്ഗ സ്ത്രീയെ തിരികെ അയച്ചതിനെ തുടർന്ന് മൂന്ന് ശിശുക്കൾ മരണപ്പെടാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കുറ്റക്കാർ ആരൊക്കെയെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും അറിയിക്കുമോ;

(സി) പര്യാപ്തമായ ചികിത്സാ സംവിധാനം ജില്ലാ ആശുപത്രിയിലും മറ്റു ആശുപത്രികളിലും ഒരുക്കിയിരുന്നോ ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly